**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2761** **13-10-2021 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് 12.02.2021-ൽ വന്നിട്ടും ഫിക്സേഷൻ ചട്ടങ്ങൾ, ക്ഷാമബത്ത നിർണ്ണയം തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമാകാത്തതുകൊണ്ട് നടപ്പിലായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01.01.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് 12.02.2021 ലെ GO(Ms)57/2021/ റവ പ്രകാരമാണ് ഉത്തരവായിട്ടുള്ളത്. ഫിക്സേഷൻ ചട്ടങ്ങൾ അംഗീകരിച്ച് GO(Ms)161/2021/റവ തീയതി 118.08.2021 പ്രകാരവും ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശമ്പളപരിഷ്കരണ നടപടികൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 14.09.2021 ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ജീവനക്കാർക്ക് പരിഷ്കരിച്ച ശമ്പളം എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാൻ കഴിയുമോ; | (ബി) | പുതുക്കിയ ശമ്പളത്തോടൊപ്പം അനുവദിക്കേണ്ട ക്ഷാമബത്ത സംബന്ധിച്ചുള്ള ബോർഡ് തീരുമാനം സർക്കാർ പരിശോധിച്ചുവരികയാണ്. നിലവിൽ, ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് കണക്കിലെടുത്ത് ക്ഷേത്രജീവനക്കാർക്ക് 2000/- രൂപ വീതം ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ട്. |
| (സി) | ശമ്പള പരിഷ്കരണ ഉത്തരവ് പ്രാബല്യത്തിൽ വരുത്താൻ ധനസഹായം നൽകണമെന്ന് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) | ശമ്പളപരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നത് വഴി, മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിന് 25 കോടി രൂപയുടെ അധിക ബാധ്യത പ്രതീക്ഷിക്കുന്നതായും ഈ അധിക ബാധ്യതയുൾപ്പെടെയുള്ള സംഖ്യ ഗ്രാന്റായി അനുവദിക്കണമെന്ന് ശമ്പള പരിഷ്കരണ ശിപാർശിയിൽ മലബാർ ദേവസ്വം ബോർഡ് അഭ്യർത്ഥിച്ചിരുന്നു. |
| (ഡി) | ഉണ്ടെങ്കിൽ എന്ത് തീരുമാനമാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | സർക്കാർ വളരെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാലഘട്ടമാണിത്. ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള അധിക ബാധ്യത കണ്ടെത്തുന്നതിന് ഓരോ ക്ഷേത്രവും മുൻകൈ |

| | | | |
|---|---|---|---|
| | | | എടുക്കേണ്ടതുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് ഇതേ വരെ 49,12,13,000/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള ധനസഹായമായി 1.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ